श्रीशङ्कराचार्यसंस्कृतसर्वकलाशाला, कालटी

**ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി**

സംഗ്രഹം

അക്കാദമിക് വിഭാഗം - കേരളത്തിനുപുറത്തുള്ള സർവകലാശാലകളിലും വിദേശ സർവകലാശാലകളിലും നടക്കുന്ന വൈജ്ഞാനിക സദസ്സുകളിൽ ബിരുദാനന്തര ബിരുദ/ഗവേഷക വിദ്യാർത്ഥികൾ പങ്കെടുക്കുന്നതിനുള്ള പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

അക്കാദമിക് 'സി' വിഭാഗം

നം.എസിഡി.സി1/6127/എസ്.എസ്.യു.എസ്/2020 — തീയതി, കാലടി, 23.03.2023

പരാമർശം: 1) 19.10.2022 ലെ ഇതേ നമ്പർ ഉത്തരവ്.

2) 13.03.2023 ന് കൂടിയ ട്രാവൽഗ്രാന്റ് കമ്മിറ്റിയുടെ യോഗനടപടിച്ചുരുക്കം.

**ഉത്തരവ്**

കേരളത്തിനുപുറത്തുള്ള സർവകലാശാലകളിലും വിദേശ സർവകലാശാലകളിലും ഗവേഷക വിദ്യാർത്ഥികൾ പങ്കെടുക്കുന്നതിനുള്ള പരിഷ്കരിച്ച മാർഗ്ഗനിർദേശങ്ങൾ സർവകലാശാലയിൽ നടപ്പിലാക്കി മേൽ സൂചന (1) പ്രകാരം ഉത്തരവായിരുന്നു.

16.12.2022 ന് കൂടിയ യാത്രാധനസഹായ തെരഞ്ഞെടുപ്പ് സമിതിയുടെ യോഗനടപടിച്ചുരുക്കം, 29.11.2022 ന് AKRSA (All Kerala Research Scholars Association) കൺവീനർ സമർപ്പിച്ച അപേക്ഷ എന്നിവയുടെ അടിസ്ഥാനത്തിൽ താഴെപറയും പ്രകാരം ടി മാർഗ്ഗനിർദേശങ്ങളിൽ ഭേദഗതി വരുത്തുന്നതിന് മേൽ പരാമർശം (2) പ്രകാരം കൂടിയ ട്രാവൽ ഗ്രാന്റ് കമ്മിറ്റി ശിപാർശ ചെയ്തു.

| നിലവിലുള്ളത് | ഭേദഗതി ചെയ്യുന്നത് |
|---|---|
| 2 (ഘ) ധനസഹായം: ഇന്ത്യക്ക് അകത്തുനടക്കുന്ന പരിപാടികളിൽ പങ്കെടുക്കുവാൻ ഇന്ത്യൻ റെയിൽവേ വഴി സർവകലാശാലയിൽ നിന്ന് പരിപാടി നടക്കുന്ന സ്ഥലത്തിന് ഏറ്റവും അടുത്തുള്ള സ്റ്റേഷൻ വരെയും തിരികെയും ത്രീ-ടയർ എ.സി. യാത്രാചിലവ്. റെയിൽ സൗകര്യം ഇല്ലാത്തിടങ്ങളിലേക്കും തിരികെയും സർക്കാർ ട്രാൻസ്പോർട്ട് കമ്പനികളുടെ എ.സി. ബസ് യാത്ര ചിലവ്. യാത്രാദിവസങ്ങൾ ഉൾപ്പെടെ പരിപാടിയുടെ കാലാവധിയിൽ ദിവസം ഒന്നിന് 500/- രൂപ നിരക്കിൽ പരമാവധി 7 ദിവസത്തേയ്ക്കുള്ള ബത്ത 3500/- രൂപ. | ഇന്ത്യക്ക് അകത്തുനടക്കുന്ന പരിപാടികളിൽ പങ്കെടുക്കുവാൻ ഇന്ത്യൻ റെയിൽവേ വഴി സർവകലാശാലയിൽ നിന്ന് പരിപാടി നടക്കുന്ന സ്ഥലത്തിന് ഏറ്റവും അടുത്തുള്ള സ്റ്റേഷൻവരെയും തിരികെയും സ്ലീപ്പർക്ലാസ്സ് യാത്രാചിലവ്. റെയിൽ സൗകര്യം ഇല്ലാത്തിടങ്ങളിലേക്കും തിരികെയും സർക്കാർ ട്രാൻസ്പോർട്ട് കമ്പനികളുടെ എ.സി. ബസ് യാത്ര ചിലവ്. യാത്രാദിവസങ്ങൾ ഉൾപ്പെടെ പരിപാടിയുടെ കാലാവധിയിൽ ദിവസം ഒന്നിന് 500/- രൂപ നിരക്കിൽ പരമാവധി 7 ദിവസത്തേയ്ക്കുള്ള ബത്ത 3500/- രൂപ (കേരളത്തിനുപുറത്തുള്ള സ്ഥലങ്ങളിൽ) 350/- രൂപ നിരക്കിൽ പരമാവധി 7 ദിവസത്തേയ്ക്കുള്ള ബത്ത 2450/- രൂപ (കേരളത്തിൽ). |
| 4 (ഖ) : ദേശീയതലത്തിലുള്ള യാത്രാധനസഹായം മറ്റ് അപേക്ഷകർ ഉള്ളപക്ഷം ഒരു പ്രോഗ്രാം കാലഘട്ടത്തിൽ ഒരു തവണ മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. | ദേശീയതലത്തിലുള്ള യാത്രാധനസഹായം ഒരു പ്രോഗ്രാമിന് പരമാവധി രണ്ടു പ്രാവശ്യം മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. |

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ കേരളത്തിനുപുറത്തുള്ള സർവകലാശാലകളിലും വിദേശ സർവകലാശാലകളിലും ഗവേഷക വിദ്യാർത്ഥികൾ പങ്കെടുക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങളിൽ ട്രാവൽ ഗ്രാന്റ് കമ്മിറ്റി വരുത്തിയ ഭേദഗതികൾ സിൻഡിക്കേറ്റ് സാധൂകരണത്തിന് വിധേയമായി സർവകലാശാലയിൽ നടപ്പിലാക്കി വൈസ്ചാൻസലറുടെ ചുമതലയുള്ള പ്രോവൈസ്ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസൃതമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുമിത്ത് എസ്.
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

ഉള്ളടക്കം : പുതുക്കിയ ട്രാവൽഗ്രാന്റ് മാർഗ്ഗനിർദേശങ്ങൾ

സ്വീകർത്താവ്

എല്ലാ വകുപ്പുമേധാവികൾക്കും പ്രാദേശിക കേന്ദ്രം ഡയറക്ടർമാർക്കും

പകർപ്പ്:

1. പി.എസ്.ടു വിസി/പി.വിസി/രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ
2. ഡി. ആർ/എ.ആർ (അക്കാദമിക്)/ഐ.എ/അക്കൗണ്ട്സ് കെ.എസ്.എ./ഐ.ക്യു.എ.സി.
3. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല-കാലടി

ഗവേഷണ/ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്ക് വൈജ്ഞാനിക സദസ്സുകളിൽ പങ്കെടുക്കുന്നതിനേർപ്പെടുത്തപ്പെട്ട സർവ്വകലാശാലാ-യാത്രാധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നിർദേശങ്ങൾ

1. ആമുഖം: സർവ്വകലാശാല തലത്തിലുള്ള ഉന്നതവിദ്യാഭാസത്തിൽ പഠനാവസാനബിരുദങ്ങൾ പോലെതന്നെ നിർണായകമാണ് ഗവേഷണ ഫലങ്ങളുടെ കാലികമായ അവതരണങ്ങൾ. ലോകമറിയുന്ന വൈജ്ഞാനിക പ്രസിദ്ധീകരണളായി ഗവേഷണഫലങ്ങൾ രൂപപ്പെടുന്നതിന്റെ ആദ്യപടികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അതാത് വിഷയങ്ങളിലെ പണ്ഡിതസദസ്സുകൾക്ക് മുമ്പാകെ നടക്കുന്ന അവയുടെ പ്രബന്ധരൂപേണയുള്ള അവതരണം. പ്രബന്ധാവതരണങ്ങളുടെ ഈ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ടാണ് ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല അതിന്റെ കീഴിൽ വരുന്ന ഗവേഷക/വിദ്യാർത്ഥി സമൂഹത്തെ ഇന്ത്യയ്ക്ക് അകത്തും പുറത്തും നടക്കുന്ന വൈജ്ഞാനിക സദസ്സുകളിൽ അവതാരകരായി പങ്കെടുക്കുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഒരു യാത്രാധനസഹായ പദ്ധതി ഏർപ്പെടുത്തിയിരിക്കുന്നത്.

2. പരിധി

(ക). അപേക്ഷകർ: സർവ്വകലാശാലയിലെ മുഴുവൻസമയ ഗവേഷകർ എന്നനിലയിൽ പി. എച്ച്. ഡി അഥവാ എം. ഫിൽ കോഴ്സുകളിൽ പഠനം നടത്തിവരുന്ന വിദ്യാർത്ഥി സമൂഹം. രണ്ടാംവർഷ ബിരുദാനന്തരബിരുദ കോഴ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾ.

(ഖ). വൈജ്ഞാനിക സദസ്സുകൾ: ഇന്ത്യയ്ക്ക് അകത്തും പുറത്തും പ്രവർത്തിക്കുന്ന സർവ്വകലാശാലകൾ, സർവ്വകലാശാലാ പഠനവകുപ്പുകൾ, ഇൻസ്റ്റിറ്റ്യൂട്ടുകൾ, സ്വതന്ത്ര ഗവേഷണ സ്ഥാപനങ്ങൾ, ഗവേഷണ പദ്ധതികൾ, വിവിധ പഠനവിഷയങ്ങളോ പഠനമേഖലകളോ അധികരിച്ച് ഏർപ്പെടുത്തപ്പെട്ടിട്ടുള്ള പണ്ഡിത കൂട്ടായ്മകൾ, വൈജ്ഞാനിക-പ്രസിദ്ധീകരണ സ്ഥാപനങ്ങൾ എന്നീ കേന്ദ്രങ്ങളാൽ സംഘടിപ്പിക്കപ്പെടുന്ന, 'കോൺഫറൻസ്', 'വർക്ക്-ഷോപ്പ്', 'സെമിനാർ', 'കൊളോക്വിയം', 'സിമ്പോസിയ', 'സമ്മർ-സ്കൂൾ', 'അക്കാദമിക്-കോമ്പിറ്റിഷൻ' എന്നീ സാങ്കേതിക സംജ്ഞകളാൽ വിവക്ഷിക്കപ്പെടുന്ന പ്രബന്ധാവതരണാധിഷ്ഠിത പരിപാടികൾ.

(ഗ). സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകൾ തങ്ങളുടെ മേഖലയിൽ വരുന്ന, 3-(ഖ) ഖണ്ഡികയിൽ പരാമർശിതമായിട്ടുള്ളയിനം, ദേശീയവും വിദേശീയവുമായ പ്രധാന പരിപാടികളുടെ ഒരു പട്ടിക മുൻകൂർ തയ്യാർ ചെയ്യ്, അത് യാത്രാധനസഹായ പദ്ധതിയുടെ തെരഞ്ഞെടുപ്പ് സമിതിയെ ഏൽപ്പിക്കേണ്ടുന്നതാണ്. ഇത്, പ്രസ്തുത പരിപാടികളിൽനിന്നുള്ള പ്രബന്ധാവതരണ വിജ്ഞാപനങ്ങൾ [Call for Papers] സമയാസമയം അപേക്ഷക സമൂഹത്തെ അറിയിക്കുന്നതിനും അതുവഴി, യാത്രാധനസഹായത്തിനുള്ള അപേക്ഷകൾ ഉറവിടത്തിൽ തന്നെ കൂടുതൽ മത്സാരാധിഷ്ഠിതമായി തയ്യാർചെയ്യപ്പെടുന്നതിനും സഹായകരമായി വർത്തിക്കും.

(ഘ). ധനസഹായം: ഇന്ത്യയ്ക്ക് അകത്തു നടക്കുന്ന പരിപാടികളിൽ പങ്കെടുക്കുവാൻ ഇന്ത്യൻ റെയിൽവേ വഴി സർവകലാശാലയിൽ നിന്ന് പരിപാടി നടക്കുന്ന സ്ഥലത്തിന് ഏറ്റവും അടുത്തുള്ള സ്റ്റേഷൻ വരെയും തിരികെയും സ്ലീപ്പർ ക്ലാസ് യാത്രാ ചിലവ്. റെയിൽ സൗകര്യം ഇല്ലാത്തിടങ്ങളിലേക്കും തിരികെയും സർക്കാർ ട്രാൻസ്പോർട്ട് കമ്പനികളുടെ എ.സി. ബസ് യാത്ര ചിലവ്. യാത്ര ദിവസങ്ങൾ ഉൾപ്പെടെ പരിപാടിയുടെ കാലാവധിയിൽ ദിവസം ഒന്നിന് 500 രൂപ നിരക്കിൽ പരമാവധി 7 ദിവസത്തേക്കുള്ള ബത്ത, 3500 രൂപ. (കേരളത്തിന് പുറത്തുള്ള സ്ഥലങ്ങളിൽ), 350/- രൂപ നിരക്കിൽ പരമാവധി 7 ദിവസത്തേയ്ക്കുള്ള ബത്ത 2,450/- രൂപ (കേരളത്തിൽ).

(ഘ) 3-(ഗ) യിൽ വിശദീകരിക്കപ്പെട്ടിരിക്കുന്ന രീതിയിൽ തയ്യാർചെയ്ത അപേക്ഷകൾ ലഭിച്ചതിന് 10 ദിവസങ്ങൾക്കുള്ളിൽ തന്നെ തെരഞ്ഞെടുപ്പ് കമ്മിറ്റി യോഗം ചേർന്ന്, അപേക്ഷാ ഫോറം, 4-(ഗ) 'ഒന്ന്' മുതൽ 'നാല്' വരെസൂചിപ്പിച്ചിരിക്കുന്ന അനുബന്ധങ്ങൾ എന്നീ രേഖകൾ പരിശോധിച്ച് അവ സാങ്കേതികമായി തൃപ്തികരമെങ്കിൽ 4-(ഗ) 'നാല്' ആയി പരാമർശിച്ചിരിക്കുന്ന അവതരണാംഗീകാരം ലഭിച്ചിരിക്കുന്ന പ്രബന്ധം ബന്ധപ്പെട്ട മേഖലയിലെ രണ്ട് വിദഗ്ധർക്ക് ഡബിൾ-ബ്ലൈൻഡ്-റിവ്യൂ [double-blind review] സങ്കേത പ്രകാരമുള്ള പരിശോധനയ്ക്കായി അയച്ചു കൊടുക്കേണ്ടതാണ്. പരിശോധകരിൽ നിന്നുള്ള റിവ്യൂ റിപ്പോർട്ട് ലഭ്യമാക്കാനുള്ള പരമാവധി സമയം 30 ദിവസങ്ങളായിരിക്കും. പ്രബന്ധം അതിൻറെ വൈജ്ഞാനിക മണ്ഡലത്തിലെ ഉത്തമനിലവാരപ്രകാരം പ്രസിദ്ധീകരണ യോഗ്യമാണോ എന്നതായിരിക്കണം റിവ്യൂ പരിശോധനയിൽ കണിശമായും അന്വേഷിക്കേണ്ടുന്ന വിഷയം. തൃപ്തികരമായ റിവ്യൂ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് സമിതിക്ക് യാത്ര ധനസഹായ അപേക്ഷകളിൽ മേൽ നടപടി കൈക്കൊള്ളാവുന്നതും, ഇത്, അപേക്ഷകരെ രേഖാമൂലം അറിയിക്കേണ്ടുന്നതുമാണ്. തെരഞ്ഞെടുപ്പ് സമിതിയിൽ അപേക്ഷകൾ ലഭിച്ചതിനു ശേഷം അവയിൽ തീരുമാനമെടുക്കാവുന്നതിലേക്കുള്ള പരമാവധി കാലാവധി 50 ദിവസങ്ങൾ ആയി നിജപ്പെടുത്തിയിരിക്കുന്നു.

(ങ) വിജയകരമായ അപേക്ഷകൾക്ക് മേൽ അനുവദിക്കപ്പെടുന്ന യാത്രാ ധനസഹായം അപേക്ഷകർ പ്രബന്ധാവതരണ യാത്ര പൂർത്തിയാക്കി സർവകലാശാലയിൽ തിരികെ എത്തിയതിന് ശേഷം ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളും ബില്ലുകളും കണക്കുകളും സർവകലാശാലയിൽ നിലനിൽക്കുന്ന നടപടിക്രമങ്ങൾക്ക് വിധേയമായി സമർപ്പിച്ചതിന് ശേഷമാകും കൈമാറുക. എല്ലാ പണമിടപാടുകളും അപേക്ഷകരുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ട് മുഖാന്തിരം നടത്തേണ്ടതാണ്.

4. മറ്റ് നിർദ്ദേശങ്ങൾ

(ക) അപേക്ഷകർക്ക് സർവകലാശാല നൽകുന്ന അന്തർ ദേശീയ യാത്രകൾക്കുള്ള ധനസഹായം സ്വീകരിക്കുവാൻ ഉള്ള അർഹത തങ്ങളുടെ ഗവേഷക/വിദ്യാർത്ഥി കാലഘട്ടത്തിൽ ഒറ്റത്തവണ മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.

(ഖ)യാത്രാധനസഹായ തെരഞ്ഞെടുപ്പ് സമിതിയിലെ അംഗങ്ങളുടെ എണ്ണം എക്സ് ഒഫീഷ്യോ അംഗങ്ങൾ ഉൾപ്പെടെ 7 ആയി നിജപ്പെടുത്താവുന്നതാണ്. ഐ.ക്യു.എ.സി ഡയറക്ടർ, ഡി.എസ്.എസ് എന്നീ ചുമതലകൾ വഹിക്കുന്ന അധ്യാപകരെ എക്സ് ഒഫീഷ്യോ അംഗങ്ങളായി പരിഗണിക്കാവുന്നതാണ്. മറ്റുള്ള അംഗങ്ങളെ ബഹു.വൈസ് ചാൻസലർക്ക് സർവകലാശാലയിലെ അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ സ്ഥാനം വഹിക്കുന്ന അധ്യാപകരിൽ നിന്നും 3 അധ്യയന വർഷ കാലാവധി നിജപ്പെടുത്തി നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ഇവരിൽ ഒരാൾ സമിതിയുടെ അക്കാദമിക് ചെയർ പേഴ്സൺ എന്ന നിലയിലും മറ്റുള്ളവർ അക്കാദമിക് അംഗങ്ങൾ എന്ന നിലയിലും ആണ് പ്രവർത്തിക്കേണ്ടത്.സമിതിയുടെ സാമ്പത്തിക ഓഫീസ് ചുമതലകൾ ദൈനംദിനം യഥോചിതം നിർവഹിക്കുന്നതിലേക്കായി ഉചിതസ്ഥാനത്തുള്ള ഒരു അനധ്യാപക ഉദ്യോഗസ്ഥ/ ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തേണ്ടതാണ്. അക്കാദമിക അംഗങ്ങളുടെ നാമനിർദ്ദേശത്തിൽ സാമൂഹ്യസംവരണ പതിവുകൾ പാലിക്കേണ്ടതാണ്.

അപേക്ഷകർക്ക് സർവകലാശാല നൽകുന്ന അന്തർദേശീയ യാത്ര ധനസഹായം ഒരു പ്രോഗ്രാം കാലഘട്ടത്തിൽ ഒറ്റത്തവണ മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. ദേശീയ തലത്തിലുള്ള യാത്രാ ധനസഹായം ഒരു പ്രോഗ്രാമിന് പരമാവധി 2 പ്രാവിശ്യം മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.

ഒപ്പ്

ഡോ. യമുന കെ

ഒപ്പ്

ഡോ. ആതിര ജാതവേദൻ

വിദേശ രാജ്യങ്ങളിൽ വെച്ച് നടക്കുന്ന പരിപാടികളിൽ പങ്കെടുക്കുവാൻ എക്കണോമി-ക്ലാസ് ടിക്കറ്റ് ചിലവ് ഇനത്തിൽ അനുവദിക്കാവുന്ന പരമാവധി തുക ഒരു ലക്ഷം രൂപ. യാത്രാസമയം ഉൾപ്പെടെ അപേക്ഷകന് വിദേശ രാജ്യത്ത് ചെലവിടേണ്ടി വരുന്ന കാലാവധിക്ക് ദിവസം ഒന്നിന് 60 അമേരിക്കൻ ഡോളർ നിരക്കിൽ പരമാവധി 5 ദിവസത്തെ ബത്ത 300 ഡോളറിന് തത്തുല്യമായ ഇന്ത്യൻ രൂപ.

3-(ഖ) ഖണ്ഡികയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള പരിപാടികളിൽ 'വർക്ക്-ഷോപ്പ്', 'സമ്മർ-സ്കൂൾ' എന്നിവ ഒഴികെയുള്ള സദസ്സുകളിൽ പങ്കെടുന്നതിനാവശ്യമായ രെജിസ്ട്രേഷൻ ഫീസ്. ഈ ഇനത്തിൽ അപേക്ഷകർക്ക് അനുവദിക്കാവുന്ന പരമാവധി തുക ഇന്ത്യയ്ക്കകത്ത് 5000 രൂപയും വിദേശത്ത് 100 ഡോളറിന് തത്തുല്യവുമായി നിജപ്പെടുത്തിയിരിക്കുന്നു.

3. അപേക്ഷാ നടപടിക്രമം

(ക). 3-(ഖ) ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന പരിപാടികളിൽ നിന്ന് അവതരണാംഗീകാരം ലഭിക്കുന്നപക്ഷം അപേക്ഷകർ നിശ്ചിത മാതൃകയിൽ തയ്യാറാക്കപ്പെട്ട യാത്രാധനസായത്തിനുള്ള അപേക്ഷാ ഫോറം യഥാവിധി പൂരിപ്പിച്ച് തങ്ങളുടെ പഠന വകുപ്പ് അധ്യക്ഷന്റെ ഉചിതമാർഗ്ഗേണയുള്ള സാക്ഷ്യപ്പെടുത്തലോടുകൂടി, തെരഞ്ഞെടുപ്പ് സമിതിയെ ഏൽപ്പിക്കേണ്ടുന്നതാണ്.

ഖ). പരിപാടികളുടെ വിജ്ഞാപിത തിയതിക്ക് 90 ദിവസമെങ്കിലും മുന്നേ യാത്രാധനസഹായത്തിനുള്ള അപേക്ഷകൾ തെരഞ്ഞടുപ്പ് സമിതിയിൽ എത്തിച്ചേരണ്ടേതുണ്ട്.

(ഗ). പ്രസ്തുത അപേക്ഷാ ഫോറത്തോടപ്പം താഴെ പറയുന്ന രേഖകൾ നിർബന്ധമായും അനുബന്ധിച്ചിരിക്കേണം

ഒന്ന്: പരിപാടി സംഘാടകർ അഥവാ അവതരണ-പാനൽ സംഘടകരിൽനിന്നുള്ള അവതരണാംഗീകാര പത്രം [Letter of Acceptance], അഥവാ ക്ഷണപത്രം [Letter of Invitation].

രണ്ട്: 500 വാക്കിൽ കവിയാത്തുള്ളതും അപേക്ഷകർ തയ്യാറാക്കിയതുമായ പ്രബന്ധത്തെയും പ്രബന്ധാവതരണ അവസരത്തെയും സംബന്ധിച്ച ഒരു പ്രയോജന പ്രസ്താവന [Statement of Purpose]

മൂന്ന്: ഗവേഷണ മാർഗനിർദേശകരുടെ ശുപാർശകത്ത്.

നാല്: പരിപാടിയിൽ അവതരിപ്പിക്കാൻ അംഗീകാരം ലഭ്യമായിട്ടുള്ള പ്രബന്ധത്തിന്റെ പൂർണരൂപം എം എസ്. വേർഡ് [MS-Word] ലും PDF ലും ചിക്കാഗോ സ്റ്റൈൽ മാന്വൽ [The Chicago Manual of Style] അധ്യായം-15 [Chapter 15] ഇൽ പരാമർശിച്ചിട്ടുള്ള ലേഖക-തിയതി സമ്പ്രദായ [Author-Date System] പ്രകാരം തയ്യാർ ചെയ്ത ഇലക്ട്രോണിക് കോപ്പി. 12 അങ്കം വരുന്ന ടൈംസ് ന്യൂ റോമൻ [Times New Roman] അക്ഷര വടിവിലായിരിക്കേണം പ്രബന്ധത്തിന്റെ മുഖ്യഉള്ളടക്കം സജ്ജീകരിച്ചിരിക്കേണ്ടത്. സംസ്കൃതം, മലയാളം, ഹിന്ദി, ഉറുദു തുടങ്ങിയ ഭാഷകളിൽ തയ്യാർചെയ്യപ്പെടുന്ന പ്രബന്ധങ്ങൾക്ക് അതാത് മേഖലകളിൽ മാനകമായി നടപ്പുള്ള വൈജ്ഞാനിക എഴുത്തു ശൈലികൾ സ്വീകരിക്കാവുന്നതാണ്

ഇലക്ട്രോണിക് കോപ്പിയുടെ ആദ്യപേജിൽ പ്രബന്ധത്തിന്റെ തലക്കെട്ട്, 250 വാക്കുകളിൽ തയ്യാർ ചെയ്ത പ്രബന്ധസംക്ഷിപ്തം (Abstract) 4 സൂചകപദങ്ങൾ (Key-words), അപേക്ഷകന്റെ പൂർണമായ ഔദ്യോഗിക വിലാസം എന്നീ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. കോപ്പിയിൽ മറ്റൊരിടത്തും പ്രബന്ധകർത്താക്കളെ തിരിച്ചറിയുന്ന യാതൊരു സൂചനകളും ഉൾപെടാൻ പാടുള്ളതല്ല.